മുളന്തുരുത്തി പോലീസ് സ്റ്റേഷനതിർത്തിയിൽ നടന്ന കൊലപാതകങ്ങൾ

2 [5] ശ്രീ. ടി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളന്തുരുത്തി പോലീസ് സ്റ്റേഷനതിർത്തിയിൽ 1977 മാർച്ച് മുതൽ 1977 ഡിസമ്പർ 31 വരെ എത്ര കൊലപാതകങ്ങൾ നടന്നു;

(ബി) ഏതെല്ലാം;

(സി) വെളിയനാട് ഗവൺമെന്റ് യു.പി.എസിന്റെ കക്കൂസ് ടാങ്കിൽ കണ്ട മൃതദേഹം ആരുടേതാണെന്നു തിരിച്ചറിഞ്ഞോ;

(ഡി) ഈ കേസിന്റെ അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ടോ?

ഉത്തരം

(എ) മൂന്ന്.

(ബി) 1. ക്രൈം നമ്പർ 49/77.
2. ക്രൈം നമ്പർ 120/77.
3. ക്രൈം നമ്പർ 152/77.

(സി) ഇല്ല.

(ഡി) നടക്കുന്നുണ്ട്.

പോലീസ് വെടിവെയ്പിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

3 [6] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തശേഷം സംസ്ഥാനത്ത് എത്ര പോലീസ് വെടിവെയ്പുകൾ നടന്നിട്ടുണ്ട്;

(ബി) വെടിവെയ്പിൽ എത്ര പേർ മരണമടഞ്ഞു;

(സി) വെടിവെയ്പുണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) വെടിവെയ്പിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്തെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആർക്കെല്ലാം? എന്തു തുക വീതം നൽകി?

ഉത്തരം

(എ) ഒരു പ്രാവശ്യം.

(ബി, സി) ഒരാൾ മരണമടഞ്ഞു. 8-3-1979-ൽ കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ ആക്രമിക്കാൻ ഒരുമ്പെട്ട അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ വെടിവെയ്ക്കേണ്ടിവന്നു.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly